**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികളുടെ ഭരണപരമായ പ്രവർത്തനങ്ങൾ തുടരുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

**സ.ഉ.(കൈയ്യെഴുത്ത്)നം. 191/2013/തസ്വഭവ തിരുവനന്തപുരം, തീയതി: 21/05/2013.**

പരാമർശം:- 1. 30-03-2007 ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 98/2007/തസ്വഭവ
2. 03-04-2013 ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 140/2013/തസ്വഭവ
3. 03-04-2013 ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 141/2013/തസ്വഭവ
4. 03-04-2013 ലെ സ.ഉ. (കൈയ്യെഴുത്ത്) നം. 142/2013/തസ്വഭവ
5. 23-04-2013 തീയതിയിൽ നഗരകാര്യ ന്യൂനപക്ഷ ക്ഷേമ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ മിനിട്ട്സ്.

## ഉത്തരവ്

പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികളുടെ ആസ്തി ബാദ്ധ്യതകൾ അതാത് കോർപ്പറേഷനുകൾക്ക് കൈമാറി സർക്കാർ ഉത്തരവായിരുന്നു. അപ്രകാരം പ്രവർത്തനം മന്ദഗതിയിലായ മേൽ വികസന അതോറിറ്റികളുടെ പ്രവർത്തനം തുടരേണ്ടത് അനിവാര്യമാണെന്ന് സർക്കാരിന് ബോദ്ധ്യമാകയാൽ പരാമർശം 2,3,4 കളിലെ സർക്കാർ ഉത്തരവുകൾ പ്രകാരം കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികളുടെ ചെയർമാൻമാരെ നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. മേൽ വികസന അതോറിറ്റികളുടെ ഭരണപരമായ പ്രവർത്തനങ്ങൾ അടിയന്തിരമായി നിർവ്വഹിക്കുന്നതിലേയ്ക്കായി പരാമർശം 5 ലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം ഉത്തരവ് ആകുന്നു.

1. കോഴിക്കോട് വികസന അതോറിറ്റിയുടെ സെക്രട്ടറിയായി കോഴിക്കോട് കോർപ്പറേഷൻ വികസന വിഭാഗം ടൗൺപ്ലാനർ ആയ ശ്രീ. എ. എം. ജയനും, തൃശ്ശൂർ വികസന അതോറിറ്റി സെക്രട്ടറിയായി തൃശ്ശൂർ കോർപ്പറേഷൻ വികസന വിഭാഗം ടൗൺ പ്ലാനർ ആയ ശ്രീ. സുഭാഷ്. പി.ജി. യ്ക്കും, കൊല്ലം വികസന അതോറിറ്റി സെക്രട്ടറിയായി തിരുവനന്തപുരം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലെ ടൗൺപ്ലാനർ ആയ ശ്രീ. അജയ്കുമാർ. എസ്സിനും പൂർണ്ണ അധികച്ചുമതല നൽകുന്നു. ടൗൺപ്ലാനിംഗ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി വികസന അതോറിറ്റി സെക്രട്ടറിമാരെ പിന്നീട് നിയമിച്ച് ഉത്തരവാകുന്നതാണ്.
2. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾക്ക് യഥാക്രമം കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികളിൽ നിന്ന് കൈമാറിയതും എന്നാൽ പ്രസ്തുത കോർപ്പറേഷനുകൾ ഉപയോഗിക്കാത്തതുമായ വികസന അതോറിറ്റികളുടെ ഭൂമി മുഴുവൻ ശരിയായ കൈപ്പറ്റോടെ വേണ്ട എല്ലാനിയമപരമായ നടപടികളും സ്വീകരിച്ച് അതാത് വികസന അതോറിറ്റികൾക്ക് തന്നെ അടിയന്തിരമായി കൈമാറാൻ ബന്ധപ്പെട്ട കോർപ്പറേഷൻ സെക്രട്ടറിമാരെ അധികാരപ്പെടുത്തുന്നു.
3. കൊല്ലം, തൃശ്ശൂർ, കോഴിക്കോട് വികസന അതോറിറ്റികൾ നിർമ്മിച്ചതും എന്നാൽ പരാമർശം 1 ലെ ഉത്തരവ് പ്രകാരം യഥാക്രമം കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾക്ക് കൈമാറിയതുമായ എല്ലാ കെട്ടിടങ്ങളും അതാത് വികസന അതോറിറ്റികൾക്ക് അടിയന്തിരമായി കൈമാറാൻ ബന്ധപ്പെട്ട കോർപ്പറേഷൻ സെക്രട്ടറിമാരെ അധികാരപ്പെടുത്തുന്നു.
4. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾക്ക് കൈമാറിയതും ഇപ്പോൾ ഉപയോഗത്തിലുള്ളതുമായ വികസന അതോറിറ്റികളുടെ വാഹനങ്ങൾ തിരികെ അതാത് വികസന അതോറിറ്റികൾക്ക് നൽകേണ്ടതും ആയത് കണ്ടം ചെയ്യേണ്ടതാണെങ്കിൽ വികസന അതോറിറ്റികളുടെ ചാർജ്ജു നൽകിയിട്ടുള്ള സെക്രട്ടറിമാർ ആയത് ലേലം ചെയ്ത് പുതിയ വാഹനം

വാങ്ങുന്നതിനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കേണ്ടതുമാണ്. വികസന അതോറിറ്റികൾക്ക് കൈമാറ്റം ചെയ്യാൻ വാഹനം ലഭ്യമല്ലായെങ്കിൽ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് പുതുതായി വാഹനം വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കാൻ വികസന അതോറിറ്റി സെക്രട്ടറിമാരെ അധികാരപ്പെടുത്തുന്നു.

5. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം കൊല്ലം, തൃശ്ശൂർ, കോഴിക്കോട് കോർപ്പറേഷനുകൾക്ക് കൈമാറിയ ബന്ധപ്പെട്ട വികസന അതോറിറ്റികളുടെ എസ്. ബി. അക്കൗണ്ടുകൾ, നിലവിലുള്ള ക്യാഷ് ബാലൻസ്, ബാങ്ക് ബാലൻസ് എന്നിവ സഹിതം അതാത് വികസന അതോറിറ്റികൾക്ക് അടിയന്തിരമായി കൈമാറാനുള്ള നടപടി ബന്ധപ്പെട്ട കോർപ്പറേഷൻ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.
6. കോഴിക്കോട് വികസന അതോറിറ്റിയിൽ നിന്ന് കോഴിക്കോട് കോർപ്പറേഷന് കൈമാറിയതും കോഴിക്കോട് കോർപ്പറേഷൻ കോസ്റ്റ് ഗാർഡിന് വിറ്റതുമായ സ്ഥലത്തിന് കോസ്റ്റ് ഗാർഡ് നൽകിയ വില കോഴിക്കോട് വികസന അതോറിറ്റിയ്ക്ക് കൈമാറാൻ വേണ്ട നടപടി കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.
7. തൃശ്ശൂർ കോർപ്പറേഷനിൽ കെ.എസ്.യു.ഡി.പി. പ്രവർത്തിക്കുന്ന കെട്ടിടം വികസന അതോറിറ്റിയുടെ ഓഫീസ് ആവശ്യങ്ങൾക്കായി പങ്കിട്ടെടുക്കാൻ വേണ്ട നടപടി തൃശ്ശൂർ വികസന അതോറിറ്റി സെക്രട്ടറി കെ.എസ്.യു.ഡി.പി. പ്രോജക്ട് ഡയറക്ടറുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ടതാണ്.
8. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികളുടെ പ്രവർത്തനം തുടരുന്നതിന് കെട്ടിടം ലഭ്യമല്ലായെങ്കിൽ ആയത് ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച് വാടകയ്ക്കെടുക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട വികസന അതോറിറ്റി സെക്രട്ടറിമാർ സ്വീകരിക്കേണ്ടതാണ്.
9. പരാമർശം 1 ലെ സർക്കാർ ഉത്തരവ് പ്രകാരം ബന്ധപ്പെട്ട കോർപ്പറേഷനുകൾക്ക് കൈമാറിയതും പ്രസ്തുത കോർപ്പറേഷനുകളിൽ 'വികസന വിഭാഗം' ആയി നിലനിൽക്കുന്നതുമായ കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികളിലെ ജീവനക്കാരെ, തിരികെ അതാതു വികസന അതോറിറ്റികളിലേയ്ക്ക് പോകാൻ താത്പര്യമുള്ളവർക്ക് ഓപ്ഷൻ വാങ്ങി അതാതു വികസന അതോറിറ്റികളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യേണ്ടതും അങ്ങനെ പോകുന്ന ജീവനക്കാരുടെ സീനിയോരിറ്റി, പ്രൊമോഷൻ തുടങ്ങിയ എല്ലാ ആനുകൂല്യങ്ങളും ബന്ധപ്പെട്ട വികസന അതോറിറ്റി പൂർണ്ണ തോതിൽ പ്രവർത്തിച്ചിരുന്നുവെങ്കിൽ ലഭ്യമാകുമായിരുന്ന രീതിയിൽ തന്നെ തുടർന്നും ലഭ്യമാക്കേണ്ടതാണ്. ജീവനക്കാരെ പുനർവിന്യസിക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട കോർപ്പറേഷൻ സെക്രട്ടറിമാർ സർക്കാരിന്റെ അനുമതിയോടെ സ്വീകരിക്കേണ്ടതാണ്.
10. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം വികസന അതോറിറ്റികളിലെ ജീവനക്കാരിൽ ആരുംതന്നെ ബന്ധപ്പെട്ട കോർപ്പറേഷനുകളിലെ വികസന വിഭാഗത്തിൽ ഇല്ലായെങ്കിൽ പ്രസ്തുത വികസന അതോറിറ്റികൾക്ക് പ്രവർത്തനം ആരംഭിയ്ക്കുന്നതിന് ആവശ്യമായ മിനിമം ജീവനക്കാരെ സർക്കാരിന്റെ അനുമതിയോടെ മറ്റൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിയ്ക്കാവുന്നതാണ്.
11. കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, വികസന അതോറിറ്റികളുടെ പ്രവർത്തനം സുഗമമാക്കുന്നതിനാവശ്യമായ എല്ലാ സഹായങ്ങളും ബന്ധപ്പെട്ട കോർപ്പറേഷൻ സെക്രട്ടറിമാർ സ്വീകരിക്കേണ്ടതും സർക്കാർ അനുമതി ആവശ്യമുള്ള കാര്യങ്ങളിൽ സർക്കാരിനെ സമീപിക്കേണ്ടതുമാണ്.

II. സർക്കാർ തീരുമാനങ്ങൾ നടപ്പാക്കി കോഴിക്കോട്, തൃശ്ശൂർ, കൊല്ലം കോർപ്പറേഷൻ സെക്രട്ടറിമാരും വികസന അതോറിറ്റി സെക്രട്ടറിമാരും അടിയന്തിരമായി സർക്കാരിന് നടപടി റിപ്പോർട്ട് നൽകേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം**
**ഡോ. രാജൻ ഖൊബ്രാഗഡെ**
**സെക്രട്ടറി**

മേയർ (കോഴിക്കോട്, കൊല്ലം, തൃശൂർ കോർപ്പറേഷനുകൾ)
ചെയർമാൻ (കോഴിക്കോട്, കൊല്ലം, തൃശൂർ വികസന അതോറിറ്റികൾ)
സെക്രട്ടറി (കോഴിക്കോട്, കൊല്ലം, തൃശൂർ കോർപ്പറേഷനുകൾ)

ജില്ലാകളക്ടർ (കോഴിക്കോട്, കൊല്ലം, തൃശൂർ)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ/എൽ.ബി.എ.), കേരള, തിരുവനന്തപുരം
ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത്, തിരുവനന്തപുരം
പ്രോജക്ട് ഡയറക്ടർ, കേരള സുസ്ഥിര നഗര വികസന പദ്ധതി, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ
ശ്രീ. എ.എം. ജയൻ (ടൗൺ പ്ലാനർ, കോഴിക്കോട് നഗരസഭ (വി.വി))
ശ്രീ. സുഭാഷ്. പി. ജി. (ടൗൺ പ്ലാനർ, തൃശ്ശൂർ നഗരസഭ (വി.വി))
ശ്രീ. അജയ്കുമാർ. എസ്. (ടൗൺ പ്ലാനർ, റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസ്, തിരുവനന്തപുരം)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, പാങ്ങപ്പാറ
(വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന്)
ഇൻഫർമേഷൻ ആന്റ് പബ്ളിക് റിലേഷൻസ് വകുപ്പ് (ദൃശ്യമാദ്ധ്യമങ്ങൾ വഴി പ്രചരണം നൽകുന്നതിനു വേണ്ടി)
മുനിസിപ്പൽ സെക്രട്ടറി (കോഴിക്കോട്, കൊല്ലം, തൃശൂർ)
ചെയർമാൻ/പേഴ്സൻ, എല്ലാ നഗരസഭകളും (നഗരകാര്യവകുപ്പ് മുഖാന്തിരം)
സെക്രട്ടറി, എല്ലാജില്ലാപഞ്ചായത്തുകളും (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനകാര്യവകുപ്പ്
സ്റ്റോക്ക് ഫയൽ/തസ്വഭവ
(AA,AB,AC,DA,DD,ERA,ERB,IB,DB,EM,FM,EU,DC,EPA,EPB,RA,RB,RC,PS,EW,RD)
ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി. എസിന്
ബഹു. നഗരകാര്യവകുപ്പ് മന്ത്രിയുടെ പി. എസിന്
ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ പി. എസിന്
ബഹു. പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പി. എസിന്
ബഹു. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പി.എസിന്
തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി. എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ പി. എ. യ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറിയുടെ സി. എ. യ്ക്ക്